(സി) 2010 ഒക്ടോബർ മാസത്തിനുള്ളിൽ തീർക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

കെ.എസ്.ടി.പി. പദ്ധതി

208 (4562) ശ്രീ . ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10 -ന് ശേഷം തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ ഏതെല്ലാം ;

(ബി) വിഴിഞ്ഞം പദ്ധതിയോടനുബന്ധിച്ച് നിർമ്മിക്കുന്ന റോഡുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(സി) വിഴിഞ്ഞം-പൂവ്വാർ റോഡ് കെ.എസ്.ടി.പി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം - പൂവാർ - കളിയിക്കാവിള റോഡിന്റെ ഉപരിതലം പുതുക്കലും അനുബന്ധ പണികളും നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയപാതാ 47 ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന മുല്ലൂർ - തലക്കോട്, 2 കി.മീ. ദൂരം വരുന്ന പാതയാണ് മുഖ്യമായും പോർട്ട് റോഡ് കണ്ക്ടിവിറ്റിക്കായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. പോർട്ടിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി കോവളം - വിഴിഞ്ഞം - പൂവാർ - കളിയിക്കാവിള 30 കി.മീ. റോഡിന്റെ പുനരുദ്ധാരണം കെ.എസ്.ടി.പി. വഴി നടപ്പിലാക്കുവാനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. സി.ആർ.എഫ്. സ്കീമിൽപ്പെടുത്തി വിഴിഞ്ഞം ഹാർബർ വഴി പോകുന്ന പള്ളിച്ചൽ മുതൽ കോവളം വരെയുള്ള 20 കി.മീ. റോഡിന്റെ പുനരുദ്ധാരണവും ബലപ്പെടുത്തലും പൂർത്തിയായി വരുന്നു.

(സി) കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓട നിർമ്മാണത്തിലെ അപാകതകൾ

209 (4563) ശ്രീ പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിന്റെ കിഴക്കേനടയിൽ കൂടി കടന്നു പോകുന്ന പൊതുമരാമത്ത് വകുപ്പ് റോഡിന്റെ ഓട നിർമ്മാണത്തിലുണ്ടായിട്ടുള്ള അപാകതമൂലം ക്ഷേത്രത്തിന്റെ മുൻപിൽ മലിനജലം കെട്ടിക്കിടന്ന് തദ്ദേശവാസികൾക്കും യാത്രക്കാർക്കും ഭക്തജനങ്ങൾക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളും ദുരിതങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly